൭l

# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ 2369007, 2369196
2369143, 2369149
2369197, 2369069
ഫാക്സ് 91484-2369023

കോർപ്പറേഷൻ ഓഫീസ്
പി.ബി.നമ്പർ 1016
എറണാകുളം, കൊച്ചി 682 011

MOH 5/1589317/2025

തീയതി 15/01/2026

## താൽപര്യപത്രം

കൊച്ചി കോർപ്പറേഷൻ പരിധിയിൽ ദൈനംദിനം ഉൽപാദിപ്പിക്കപ്പെടുന്ന സാനിട്ടറി മാലിന്യങ്ങൾ(ഡയപ്പർ, സാനിട്ടറി നാപ്കിൻ മുതലായവ) ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി കൈമാറുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

### യോഗ്യതാ മാനദണ്ഡങ്ങൾ :

1. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ സാനിട്ടറി മാലിന്യ സംസ്കരണ പ്രവർത്തന രംഗത്ത് ചുരുങ്ങിയത് 3 വർഷത്തെ പ്രവർത്തി പരിചയം.
2. നിലവിൽ കുറഞ്ഞത് 3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാനിട്ടറി മാലിന്യ സംസ്കരണ പങ്കാളിയായിട്ടുള്ള സ്ഥാപനമായിരിക്കണം.
3. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സാനിട്ടറി മാലിന്യം ശേഖരിക്കുന്നതിന് ആപ്പ് സംവിധാനവും, മോണിറ്ററിംങ്ങിനായി ഡാഷ്ബോർഡ് സംവിധാനവും നിലവിൽ ലഭ്യമായ സ്ഥാപനം ആയിരിക്കണം.
4. GO (Rt) No. 120/2025/LSGD 13/01/2025 അനുശാസിക്കുന്ന പ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യേണ്ടതാണ്.
5. മാലിന്യം നീക്കം ചെയ്യുന്നതിന് സ്വന്തമായി വാഹനങ്ങൾ വിന്യസിപ്പിക്കാൻ കഴിയുന്ന സ്ഥാപനം ആയിരിക്കണം. തേഡ് പാർട്ടിക്ക് മാലിന്യം കൈമാറാതെ സ്വന്തം നിലയ്ക്ക് സംസ്കരണത്തിനായി കൈമാറേണ്ടതാണ്.
6. മാലിന്യങ്ങൾ നീക്കം ചെയ്യാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പൂർണ്ണമായും കവേഡ് വാഹനങ്ങൾ ആയിരിക്കണം. കൂടാതെ ജി.പി.എസ് സംവിധാനം ഉള്ളതും ട്രാക്ക് ചെയ്യാൻ സാധിക്കുന്നതുമാകണം.
7. ജി.എസ്.റ്റി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്.
8. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ യാതൊരു നിയമനടപടികളിലും ഈ സ്ഥാപനം ഉൾപ്പെട്ടിട്ടില്ലാതിരിക്കേണ്ടതാണ്.
9. ബ്ലാക്ക് ലിസ്റ്റിൽപ്പെട്ട സ്ഥാപനങ്ങളെ പരിഗണിക്കുന്നതല്ല.

VM

10. മാലിന്യം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നിയമനടപടികളോ കോടതി വ്യവഹാരങ്ങളോ ഈ സ്ഥാപനത്തിനെതിരെ ഉണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദി ആയിരിക്കുന്നതല്ല.
11. കൊച്ചി കോർപ്പറേഷനിൽ സ്ഥാപനം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തന മാതൃക ഭരണ സമിതിക്ക് മുൻപാകെ അവതരിപ്പിക്കേണ്ടതാണ്.
12. ഒരു കിലോ മാലിന്യം മലിനീകരണ നിയന്ത്രണ ബോർഡ് അനുശാസിക്കുന്ന മാനദണ്ഡ പ്രകാരം ശാസ്ത്രീയമായി കൈമാറ്റം ചെയ്യുന്നതിന് ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് പൊതുവായി കോട്ട് ചെയ്യേണ്ടത്. ആയതിൽ ഒരു കിലോ ഗ്രാം മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ഗുണഭോക്തൃ നിരക്ക്, കോർപ്പറേഷൻ നൽകേണ്ട വിഹിതം എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

## സമർപ്പിക്കേണ്ട രേഖകൾ

1. കമ്പിനി പ്രൊഫൈൽ
2. രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ്
3. പാൻ കാർഡ്
4. ജി.എസ്.റ്റി രജിസ്ട്രേഷൻ
5. കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് ചെയ്ത ധനകാര്യ പത്രിക.
6. സമാന പദ്ധതികളുടെ പട്ടിക, പൂർത്തികരണ സർട്ടിഫിക്കറ്റുകൾ സഹിതം
7. സാനിട്ടറി മാലിന്യം അംഗീകൃത സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ മുൻ വർഷത്തെ കരാർ, പ്രോസസിംങ് സർട്ടിഫിക്കറ്റ്, നിലവിലെ സാമ്പത്തിക വർഷത്തിലെ കരാർ.
8. കൈമാറിയ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചതിന്റെ രേഖകൾ.

താൽപര്യമുള്ള ഏജൻസികൾ **താൽപര്യപത്രം 24/01/2026 5 പി.എം ന് മുമ്പായി** കൊച്ചി കോർപ്പറേഷൻ ഓഫീസിൽ നേരിട്ടോ, ഇമെയിൽ മുഖാന്തിരമോ സമർപ്പിക്കേണ്ടതാണ്.

OFFICE OF THE CORPORATION OF COCHIN
ERNAKULAM, COCHIN-11.

സെക്രട്ടറി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഇ മെയിൽ:- kochicorpsecretary@gmail.com

കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷൻ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

ലഭിക്കുന്ന താൽപര്യപത്രങ്ങൾ (EOI) സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം കോർപ്പറേഷൻ കൗൺസിലിന് ഉണ്ടായിരിക്കുന്നതും, കൗൺസിൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

VM